ഉത്തരം

(എ) 24-4-2000 തീയതിയിലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 14/2000/സി.എ.ഡി നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം പെൻഷൻ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ പ്രാഥമിക ചട്ടക്കൂടിന്റെ വിശദാംശങ്ങൾ നിശ്ചയിക്കുകയും ടി ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത അഡീഷണൽ സെക്രട്ടറി ശ്രീ. കെ.ജി സുകുമാരപിള്ളയെ സ്പെഷ്യൽ ഓഫീസറായി ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തേക്ക് നിയോഗിക്കുകയും ചെയ്തു. പെൻഷൻ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി സ്പെഷ്യൽ ഓഫീസർ സർക്കാരിനു സമർപ്പിച്ചിട്ടില്ല.

(ബി) കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വിജ്ഞാനമുദ്രണം പ്രസ്സ്, സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ സാഹിത്യ അക്കാദമി, കേരളാ സംഗീത നാടക അക്കാദമി, കേരളാ ലളിതകലാ അക്കാദമി എന്നീ സാംസ്ക്കാരിക സ്ഥാപനങ്ങളിൽ പെൻഷൻ പദ്ധതി നിലവിൽ വന്നു.

(സി) സ്പെഷ്യൽ ഓഫീസർ പദ്ധതിയുടെ രൂപരേഖ സമർപ്പിച്ച ശേഷം മാത്രമേ സർക്കാരിനു ഈ ഇനത്തിൽ ഉണ്ടാകാവുന്ന അധിക ബാധ്യത എത്രയെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളു.

(ഡി) 1-4-1990-ന് ശേഷം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച അർഹതപ്പെട്ട എല്ലാ ജീവനക്കാർക്കും പെൻഷൻ ആനുകൂല്യം ലഭിക്കുന്നതാണ്.

118 (642) സി-ഡിറ്റും മൈക്രോസോഫ്റ്റും ആയി ഉണ്ടാക്കിയ കരാർ

ശ്രീ. ബി. വിജയകുമാർ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റോ കേരളാ ഗവൺമെന്റിന്റെ കീഴിലുള്ള മറ്റേതെങ്കിലും സ്വതന്ത്യസ്ഥാപനമോ മൈക്രോസോഫ്റ്റുമായി എന്തെങ്കിലും കരാറിൽ ഒപ്പു വച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കരാറിന്റെ സ്വഭാവം വ്യക്തമാക്കാമോ; അതിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) ഡി-ഡിറ്റ് വിശ്വാസവഞ്ചന നടത്തിയിട്ടുണ്ടെന്ന് അമേരിക്കൻ കോടതി വിധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം സംബന്ധിച്ച് ഗവൺമെന്റിന് അറിവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത വിധി കണക്കിലെടുത്ത് ആ കമ്പനിയുമായുള്ള ബന്ധം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കരാർ ഒപ്പു വച്ചിട്ടില്ല. എന്നാൽ സി-ഡിറ്റും മൈക്രോസോഫ്റ്റ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്-ന്യൂഡൽഹി

LIBRARY ARCHIVES Kerala Legislative Assembly

എന്ന സ്ഥാപനവും തമ്മിൽ ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്നതിനുവേണ്ടി പൊതുവായ ലക്ഷ്യം അംഗീകരിക്കുന്ന ഒരു ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. ഇത് പ്രകാരം മൈക്രോസോഫ്റ്റിന്റെ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് വിവര സാങ്കേതിക രംഗത്ത് വിവിധ മേഖലകളിൽ സി-ഡിറ്റിനു പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.മൈക്രോസോഫ്റ്റ് സി-ഡിറ്റിലെ വിദഗ്ദൻമാർക്കുവേണ്ട പരിശീലനം നല്കുകയും സാങ്കേതിക വിദ്യ ലഭ്യമാക്കുകയും ചെയ്തു. സി-ഡിറ്റ് ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്കുവേണ്ട മൈക്രോസോഫ്റ്റ് ഉൽപന്നങ്ങൾ സോഫ്റ്റ് വെയർ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതാണ്.

(സി) ഇല്ല

(ഡി)&(ഇ) പ്രസക്തമല്ല.

119 (643) സാംസ്ക്കാരിക നയം

<u>ശ്രീ. ടി.കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ സാംസ്ക്കാരിക നയം ജനങ്ങളിൽ ക്യാംപയിൻ ചെയ്യാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) പുതിയ സാംസ്ക്കാരിക നയത്തിന്റെ അടിസ്ഥാനത്തിലുള്ള ഏതെങ്കിലും കർമ്മപരിപാടിക്ക് സർക്കാർ രൂപംനൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ജനങ്ങളിൽ ഒരു സാംസ്ക്കാരിക അവബോധം സൃഷ്ടിക്കുന്നതിനും സർഗ്ഗാത്മകതയും, വായനാശീലവും വളർത്തുന്നതിനും സാംസ്ക്കാരിക പൈതൃകം നിലനിറുത്തുന്നതിനും വേണ്ടി ജനങ്ങളുടെ സഹകരണത്തോടെയും,പങ്കാളിത്തത്തോടെയും അനേകം പരിപാടികൾ സംസ്ഥാനതലത്തിലും മേഖലാ തലത്തിലും സംഘടിപ്പിച്ചിട്ടുണ്ട്. സെമിനാറുകൾ,പുസ്തക പ്രകാശന ചടങ്ങുകൾ, പ്രാദേശിക ഫിലിം ഫെസ്റ്റിവലുകൾ, സാഹിത്യ വേദികൾ, നാടൻകലാ സംഗമങ്ങൾ, നാടൻപാട്ട് ശില്പശാല, സാംസ്ക്കാരികോത്സവങ്ങൾ, ചരിത്ര സ്മാരകങ്ങളെക്കുറിച്ച് ഹാന്റ്ബുക്ക് തയ്യാറാക്കൽ. സാംസ്ക്കാരിക സമ്പത്ത് സംരക്ഷിക്കുന്ന ജനങ്ങളിലെത്തിക്കുവാനായി നാഷണൽ സെമിനാറുകൾ കേരളീയ ശാസ്ത്രീയ കലകളിൽ സാധാരണക്കാർക്ക് അഭിരുചി വരുത്തുന്നതിന് ആസ്വാദന കോഴ്സുകൾ തുടങ്ങി അനവധി പരിപാടികൾ നടത്തിയിട്ടുണ്ട്.

(ബി)&(സി) പുതിയ സാംസ്ക്കാരിക നയത്തിന്റെ ഭാഗമായി മാനവീയം സാംസ്ക്കാരിക ദൗത്യവുമായി ചേർന്ന് പഞ്ചായത്ത് വിജ്ഞാനീയം പദ്ധതി, സാംസ്ക്കാരിക പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതി, പ്രാദേശിക തലത്തിൽ ഫിലിം ഫെസ്റ്റിവലുകൾ നടത്തുന്നതിന് ചലച്ചിത്ര അക്കാദമി ആവിഷ്ക്കരിച്ച 'ജനചിത്ര' എന്ന പേരിലുള്ള പരിപാടി' കുട്ടികളിൽ വായനാശീലം വളർത്താൻ, ജില്ലകൾ തോറും സാഹിത്യ വേദികൾ, കുട്ടികൾ എഴുതിയ പുസ്തക പ്രസിദ്ധീകരണം, നാടൻ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ, നാടൻകലാ വിവരശേഖരണ സർവേ, വിദ്യാർത്ഥികളിൽ നാടൻ കലകളെ ക്കുറിച്ച് അവബോധമുണർത്താൻ 'നാട്ടുപൊലിമ' എന്ന പരിപാടി,

LIBRARY ARCHIVES Kerala Legislative Assembly